# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T2612 — 14.02.2013 ൽ മറുപടിക്ക്

### അട്ടപ്പാടി, വയനാട് സ്പെഷ്യാലിറ്റി ആശുപത്രികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി ഗോത്രവിഭാഗങ്ങൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുവാൻ അട്ടപ്പാടി, വയനാട് എന്നിവിടങ്ങളിൽ സ്പെഷ്യാലിറ്റി ആശുപത്രികൾ ആരംഭിച്ചത് എന്നാണ്; ഈ ആശുപത്രികൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; | (എ) | 21.8.2007 ലാണ് അട്ടപ്പാടി സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിച്ചത്.18.10.2007 ലാണ് ആരോഗ്യ വകുപ്പിന് നല്ലൂർനാട് ട്രൈബൽ ആശുപത്രി ലഭ്യമായത്. ഈ ആശുപത്രികൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഡോക്ടർമാർ, ആശുപത്രി ജീവനക്കാർ, ഓഫീസ് ജീവനക്കാർ എന്നിവരുടെ എത്ര സ്ഥിരം തസ്തികകൾ ഓരോ ആശുപത്രിയിലും അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; | (ബി) | അട്ടപ്പാടി സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ സൂപ്രണ്ട്-1, അസിസ്റ്റന്റ് സർജൻ-3, സ്പെഷ്യാലിറ്റി -6, (മെഡിസിൻ, സർജറി, ഗൈനക്, അനസ്തേഷ്യ, പീടിയാട്രിക്, ഓഫ്ത്താൽമോളജി), സ്റ്റാഫ് നഴ്സ്-5, നഴ്സിംഗ് അസിസ്റ്റന്റ്-4, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്II-4, ലാബ് ടെക്നീഷ്യൻ -1, എൽ.ഡി.സി-1, പ്യൂൺ-1, എന്നിങ്ങനെയാണ്. ഇത് കൂടാതെ 4 എം.ബി.ബി.എസ് ഡോക്ടർമാരെയും ഒരു സൈക്യാട്രിസ്റ്റിനെയും, ഒരു ദന്തൽ ഡോക്ടറെയും 7 സ്റ്റാഫ് നഴ്സുമാരെയും രണ്ട് ലാബ് ടെക്നീഷ്യൻമാരെയും ഒരു എക്സറേ ടെക്നീഷ്യനെയും എൻ.ആർ.എച്ച്.എം. വഴി നിയമിച്ചിട്ടുണ്ട്. ഒരു ഡ്രൈവറും, 3 ക്ലീനിംഗ് സ്റ്റാഫും ഒരു പമ്പ് ഓപ്പറേറ്ററും ഒരു ഡോബിയും 2 നഴ്സിംഗ് അസിസ്റ്റന്റുമാരും 2 സ്റ്റാഫ് നഴ്സുമാരും എച്ച്.എം.സി. വഴി നിയമിതരായിട്ടുണ്ട്. ഇവരുടെ ശമ്പളവും എൻ.ആർ.എച്ച്.എം. വഴിയാണ് നൽകുന്നത്. നല്ലൂർനാട് ട്രൈബൽ ആശുപത്രിയിൽ 18 സ്ഥിരം തസ്തികകളുണ്ട്. അസിസ്റ്റന്റ് സർജൻ-2, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളി) 1, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്) 1, അഡ്മിനിസ്ട്രേറ്റീവ് കേഡർ 1, എൽ.ഡി.സി 1, സ്റ്റാഫ് നഴ്സ്-3, ഫാർമസിസ്റ്റ് 1, നഴ്സിംഗ് അസിസ്റ്റന്റ്-2, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2 -3, ഡ്രൈവർ -1, പ്യൂൺ -1 എന്നിങ്ങനെയാണ്. |

| | | | |
|---|---|---|---|
| (സി) | ഡോക്ടർമാർ ഉൾപ്പെടെ എത്ര ജീവനക്കാരാണ് നിലവിൽ ഉള്ളത്; നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; | (സി) | നല്ലൂർനാട് ട്രൈബൽ ആശുപത്രിയിൽ നിലവിൽ 12 ജീവനക്കാരാണ് ഉള്ളത്. 5 ഒഴിവുകൾ ഉണ്ട്. അട്ടപ്പാടി സ്പെഷ്യാലിറ്റി ആശുപത്രി യിൽ നിലവിൽ 25 ജീവനക്കാരാണ് ഉള്ളത്. ജീവനക്കാരുടെ ഒഴിവുകൾ 6 എണ്ണം ഉണ്ട്. |
| (ഡി) | ഡോക്ടർമാർ ഇല്ലാത്തതിനാൽ ചികിത്സ ലഭിക്കാതെ രോഗികൾ മരണപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഇല്ല. |
| (ഇ) | ആശുപത്രിയിലേക്കുള്ള യാത്രാമദ്ധ്യേ ആദിവാസികൾ മരണപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ഇ) | നല്ലൂർനാട് ട്രൈബൽ ആശുപത്രിയിൽ യാത്രാമദ്ധ്യേ ആദിവാസികൾ മരണപ്പെട്ട സംഭവം റിപ്പോർട്ട് ചെയ്തിട്ടില്ല. അട്ടപ്പാടി സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആദിവാസി സ്ത്രീയായ ശ്രീമതി. രംഗി നെഞ്ചുവേദനയെ തുടർന്ന് ചികിൽസയ്ക്കായി ആശുപത്രിയിലേക്ക് പോകും വഴി മരണമടഞ്ഞു. |
| (എഫ്) | ഈ ആശുപത്രികളിൽ ആംബുലൻസ് സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (എഫ്) | ഇല്ല. ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ജി) | ഒരു മാസം ശരാശരി എത്ര രോഗികൾ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്നുണ്ട്, എത്ര രോഗികളെ ആശുപത്രിയിൽ കിടത്തിചികിത്സിയ്ക്കാനുള്ള സൌകര്യമുണ്ട്, വിശദമാക്കുമോ ? | (ജി) | അട്ടപ്പാടി സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഒരു മാസം ശരാശരി 8250 രോഗികൾ ചികിത്സയ്ക്കായി എത്തുന്നുണ്ട്. കിടത്തിചികിത്സാ സൗകര്യം 54 പേർക്ക് ലഭിക്കുന്നുണ്ട്. നല്ലൂർനാട് ട്രൈബൽ ആശുപത്രിയിൽ ശരാശരി ഒ.പി. ഒരു മാസം 900 രോഗികൾ എത്തുന്നുണ്ട്. ഐ.പി. ഇല്ല. കിടത്തിചികിത്സിക്കാൻ സൗകര്യമുണ്ട്. |

സെക്ഷൻ ഓഫീസർ